LIBRARY ARCHIVES Kerala Legislative Assembly

കേന്ദ്ര സഹകരണ മന്ത്രാലയ രൂപീകരണം

241(255) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:
ശ്രീ. ടി. ജെ. വിനോദ്:
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ:
ശ്രീ. റോജി എം. ജോൺ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭരണഘടനയുടെ ഏഴാം പട്ടിക പ്രകാരം സഹകരണ സ്ഥാപനങ്ങളെ സംബന്ധിക്കുന്ന നിയമനിർമ്മാണം സംസ്ഥാനങ്ങളുടെ അധികാരപരിധിയിലുള്ള വിഷയമായിട്ടും ബാങ്കിംഗ് റെഗുലേഷൻ നിയമത്തിൽ സഹകരണ സ്ഥാപനങ്ങളെ ഉൾപ്പെടുത്തിയതും പുതിയ സഹകരണ മന്ത്രാലയം രൂപീകരിച്ചതും സംസ്ഥാനങ്ങളുടെ ഭരണഘടനാപരമായ അധികാരങ്ങളിലേയ്ക്കുള്ള കേന്ദ്രസർക്കാരിന്റെ കടന്നുകയറ്റവും ഫെഡറൽ തത്വങ്ങളുടെ ലംഘനവുമാണെന്ന് കരുതുന്നുണ്ടോ; വ്യക്തമാക്കുമോ;

&

(ബി) ഇതിനെതിരെ എന്തൊക്കെ നടപടികളാണ് നാളിതുവരെ സ്വീകരിച്ചിരിക്കുന്നത്; ഇതിനെ നിയമപരമായി നേരിടാൻ തയ്യാറാകുമോയെന്ന് വ്യക്തമാക്കുമോ?

ബാങ്കിംഗ് റെഗുലേഷൻ നിയമത്തിൽ സഹകരണ സ്ഥാപനങ്ങളെ ഉൾപ്പെടുത്തിയത് സഹകരണ മേഖലയിലെ പ്രവർത്തനങ്ങളെ മൊത്തമായി ബാധിക്കുന്നതാണ്. കൂടാതെ കേന്ദ്ര സർക്കാർ സഹകരണ വകുപ്പ് എന്ന ഒരു പുതിയ മന്ത്രാലയം രൂപീകരിച്ചത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പ്രസ്തുത മന്ത്രാലയത്തിന്റെ പ്രവർത്തനങ്ങൾ വിലയിരുത്തി ഇക്കാര്യത്തിൽ നിലപാട് സ്വീകരിക്കുന്നതാണ്.

അമിത പലിശക്കാരെ നേരിടാൻ പദ്ധതികൾ

242(256) ശ്രീ. പി. പി. ചിത്തരഞ്ജൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അമിതപലിശ ഈടാക്കുന്ന പണമിടപാട് സ്ഥാപനങ്ങളെ നേരിടാൻ സഹകരണ മേഖലയിൽ നടപ്പിലാക്കിയ പദ്ധതികളെക്കുറിച്ച് വിശദമാക്കുമോ?

സമൂഹത്തിന്റെ താഴെത്തട്ടിലുള്ളവർ, കൂലിവേലക്കാർ, ചെറുകിട കച്ചവടക്കാർ എന്നിവരെ അമിതപലിശക്കാരിൽനിന്നും ഒഴിവാക്കി സഹകരണ പ്രസ്ഥാനത്തെ ശക്തിപ്പെടുത്തുക എന്ന ലക്ഷ്യത്തോടെ കുടുംബശ്രീയുമായി സഹകരിച്ച് " മുറ്റത്തെ മുല്ല" എന്ന പേരിൽ ഗ്രാമീണ ലഘുവായ്പാ പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ഉദ്ദേശ്യ ലക്ഷ്യങ്ങൾ :1. ബ്ലേഡ് പലിശക്കാരുടെയും, സ്വകാര്യ മൈക്രോ ഫിനാൻസ് കമ്പിനി കളുടെയും സാമ്പത്തിക ചൂഷണത്തിൽനിന്ന് സാധാരണക്കാരും പാവപ്പെ ട്ടവരുമായ ജനസമൂഹത്തെ മോചിപ്പിക്കുക. 2. സഹകരണ പ്രസ്ഥാനത്തിന്റെ ജനങ്ങളോടുള്ള പ്രതിബദ്ധത ഉയർത്തിപ്പിടിക്കുകയും ഈ പ്രസ്ഥാനത്തിന്റെ സാമൂഹിക-സാമ്പത്തിക അടിത്തറ വിപുലപ്പെടുത്തുകയും ചെയ്യുക. 3. ജനങ്ങളെ കൂട്ടുതലായി സാമ്പത്തിക ഉൾച്ചേർക്കലിലേയ്ക്ക് നയിക്കുകയും അവരിൽ സാമ്പത്തിക സാക്ഷരത വളർത്തുകയും ചെയ്യുക. വായ്പാരീതിയും സാമ്പത്തിക വശവും പദ്ധതി പ്രകാരം 1,000 രൂപ മുതൽ 50,000 രൂപ വരെയാണ് ഒരാൾക്ക് വായ്പയായി നൽകുക. നിലവിൽ കൊള്ള പലിശക്കാരിൽനിന്നും എടുത്ത വായ്പ ഒറ്റത്തവണയായി അടച്ചു തീർക്കുന്നതിനും വായ്പ നൽകാവുന്നതാണ്. വായ്പക്കാരിൽ നിന്നും 12 ശതമാനം പലിശ (100 രൂപയ്ക്ക് പ്രതിമാസം 1 രൂപ) മാത്രമാണ് ഈടാക്കുക. ഇതിൽനിന്നും 9 ശതമാനം പലിശ പ്രാഥമിക കാർഷിക ബാങ്കുകളിൽ അടയ്ക്കണം. ബാക്കി കുടുംബശ്രീ യൂണിറ്റുകൾക്ക് വായ്പ ഇടപാട് നടത്തുന്ന യൂണിറ്റ് അംഗത്തിന് അവരുടെ ഉചിതമായ തീരുമാന പ്രകാരം എടുക്കാവുന്നതാണ്. പരമാവധി 52 ആഴ്ചകളാണ് (1 വർഷം) വായ്പ തിരിച്ചടയ്ക്കേണ്ടത്. അതായത് 1,000 രൂപ വായ്പ എടുത്ത ഒരാൾ 1 വർഷം കൊണ്ട് 52 ആഴ്ചകളിൽ തുല്യഗഡുക്കളായി 1,120 രൂപ തിരിച്ചടയ്ക്കണം. 10 ആഴ്ചകളിൽ തിരിച്ചടവ് പൂർത്തിയാകുന്ന വായ്പകളും നൽകാവുന്നതാണ്. വായ്പയുടെ തിരിച്ചടവ് ഉറപ്പുവരുത്തൽ-വായ്പയുടെ തിരിച്ചടവ് കുടുംബശ്രീ യൂണിറ്റുകൾ ഉറപ്പുവരുത്തേണ്ടതാണ്. ഏതെങ്കിലും വായ്പക്കാരൻ തിരിച്ചടവ് 3 മാസത്തിലധികം മുടക്കുന്നപക്ഷം വായ്പക്കാരനും കുടുംബശ്രീ അംഗവും ഒറ്റയ്ക്കും കൂട്ടായും ഉത്തരവാദികളായിരിക്കും. അത്തരം വായ്പക്കാരെ നേരിട്ട് പ്രാഥമിക സംഘത്തിലെ വായ്പക്കാരനായി മാറ്റി അവരിൽനിന്നും വായ്പാ തുക വസൂലാക്കുന്നതിന് സംഘത്തിന് നിയമാനുസൃത നടപടികൾ സ്വീകരിക്കാൻ അധികാരമുണ്ട്. കുടിശ്ശികവായ്പയുടെ 20 ശതമാനത്തിൽ അധികരിക്കുന്ന സാഹചര്യം ഉണ്ടായാൽ അതിന് ഉത്തരവാദികളായ കുടുംബശ്രീ യൂണിറ്റുകളുടെ ക്യാഷ് ക്രെഡിറ്റ് വായ്പ പരിധി തുടർവർഷങ്ങളിൽ പുതുക്കി നൽകില്ല.

(ബി) പ്രസ്തുത പദ്ധതികൾ പൊതുജനങ്ങളിൽ എത്തിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

പദ്ധതിയുടെ സുഗമവും സുതാര്യവും കാര്യക്ഷമവുമായ നടത്തിപ്പ് നിരീക്ഷിക്കു ന്നതിനും വിലയിരുത്തുന്നതിനുമായി സംഘം തലത്തിൽ പഞ്ചായത്ത് പ്രസിഡന്റ് ചെയർമാനും സഹകരണ സംഘം സെക്രട്ടറി കൺവീനറും ജില്ലാ തലത്തിൽ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ചെയർമാനും സഹകരണ സംഘം ജോയിന്റ് രജിസ്ട്രാർ (ജനറൽ) കൺവീനറും സംസ്ഥാന തലത്തിൽ സഹകരണ വകുപ്പുമന്ത്രി ചെയർമാനും സഹകരണ സംഘം രജിസ്ട്രാർ കൺവീനറുമായ മോണിറ്ററിംഗ് കമ്മിറ്റികൾ

പ്രവർത്തിക്കുന്നു. ഓരോ തലത്തിലും മോണിറ്ററിംഗ് കമ്മിറ്റിയിൽ കുടുംബശ്രീ പ്രതിനിധികൾ, പ്രാഥമിക/ജില്ല/സംസ്ഥാന സഹകരണ ബാങ്ക് ഭരണ സമിതി പ്രതിനിധികൾ, സഹകരണ വകുപ്പ് ഉദ്യോഗസ്ഥർ, തദ്ദേശ സ്വയംഭരണ വകുപ്പ് ഉദ്യോഗസ്ഥർ എന്നിങ്ങനെ 7 അംഗങ്ങൾ ഉണ്ടായിരിക്കും. മോണിറ്ററിംഗ് കമ്മിറ്റി ഓരോ 3 മാസത്തിലും ഏറ്റവും ചുരുങ്ങിയത് ഒരു യോഗമെങ്കിലും കൂടണം. വിവിധ തലങ്ങളിൽ ഉണ്ടാകുന്ന പരാതികൾ പരിഹരിക്കേണ്ട ചുമതലയും മോണിറ്ററിംഗ് കമ്മിറ്റിക്കാണ്.

വായ്പകൾക്ക് മൊറട്ടോറിയം

243(257) ശ്രീ. വി. ആർ. സുനിൽ കുമാർ: താഴെക്കാണുന്ന ചോദ്യത്തിന് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സഹകരണ ബാങ്കുകളിൽനിന്നും എടുത്തിട്ടുള്ള വായ്പകൾക്ക് കോവിഡ് മഹാമാരിയെത്തുടർന്ന് മൊറട്ടോറിയം ഏർപ്പെടുത്തുന്ന കാര്യം പരിഗണനയിലുണ്ടോ; എങ്കിൽ വിശദാംശങ്ങൾ അറിയിക്കാമോ?

സംസ്ഥാനത്ത് 2020-ലുണ്ടായ കോവിഡ്-19 രോഗബാധയെത്തുടർന്ന് ലോക്ഡൗൺ ഏർപ്പെടുത്തിയതിലൂടെ വിവിധ മേഖലകളിൽ കനത്ത സാമ്പത്തിക പ്രതിസന്ധിയുണ്ടായ പശ്ചാത്തലത്തിൽ വാണിജ്യബാങ്കുകൾ, സഹകരണ ബാങ്കുകൾ, NBFCs എന്നിവിടങ്ങളിൽ നിന്നുള്ള വായ്പകൾക്ക് മോറട്ടോറിയം അനുവദിച്ച് ആർ.ബി.ഐ. നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചതിന്റെ അടിസ്ഥാനത്തിൽ, സഹകരണ സ്ഥാപനങ്ങൾക്കും/ബാങ്കുകൾക്കുംകൂടി ടി നിർദ്ദേശം ബാധകമാക്കി. എല്ലാ സഹകരണ സ്ഥാപനങ്ങൾ/ബാങ്കുകളിൽനിന്നും എടുത്തിട്ടുള്ള എല്ലാവിധ വായ്പകൾക്കും 1-3-2020 മുതൽ 31-5-2020 വരെയും തുടർന്ന് 1-6-2020 മുതൽ 31-8-2020 വരെയും ദീർഘിപ്പിച്ച് മോറട്ടോറിയം പ്രഖ്യാപിച്ച് സഹകരണ സംഘം രജിസ്ട്രാർ സർക്കുലർ പുറപ്പെടുവിച്ചിരുന്നു. കോവിഡിന്റെ രണ്ടാം വ്യാപനത്തെ തുടർന്നുള്ള അടച്ചിടൽ കാരണം മോറട്ടോറിയം പ്രഖ്യാപിച്ച് ആർ.ബി.ഐ. നിർദ്ദേശം പുറപ്പെടുവിച്ചിട്ടില്ല. മൊറട്ടോറിയം കാലത്തെ പിഴപ്പലിശ ഈടാക്കുവാൻ പാടുള്ളതല്ല എന്നും ബാങ്ക്/സഹകരണ സ്ഥാപനം എന്നിവ സ്വന്തം ഫണ്ട് ഉപയോഗിച്ച് നൽകുന്ന വായ്പകളുടെ മേൽ കാലയളവിലെ പലിശ അതത് സ്ഥാപനങ്ങളുടെ ഭരണസമിതി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ഇളവ് ചെയ്ത് നൽകാവുന്നതാണെന്ന് രജിസ്ട്രാർ നേരത്തെ പുറപ്പെടുവിച്ച സർക്കുലറിൽ വ്യക്തമാക്കിയിട്ടുണ്ട്. ബാങ്ക് ലോണുകൾക്ക് മോറട്ടോറിയം പ്രഖ്യാപിക്കുന്നതിനും തിരിച്ചടവുകൾക്ക് ഇളവ് നൽകുന്നതും സംബന്ധിച്ച നയപരമായ തീരുമാനങ്ങൾ എടുക്കേണ്ടത് റിസർവ് ബാങ്ക് ഓഫ് ഇന്ത്യയാണ്.

LIBRARY ARCHIVES Kerala Legislative Assembly